**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ്-19 പകർച്ചവ്യാധി റിപ്പോർട്ട് ചെയ്തതു മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രോഗവ്യാപനം, രോഗം ബാധിച്ചാൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് മുന്നറിയിപ്പുകളും ജാഗ്രതാ നിർദ്ദേശങ്ങളും പ്രാദേശിക വാർത്താചാനലുകൾ, വർത്തമാനപത്രങ്ങൾ, സാമൂഹിക ദൃശ്യ മാധ്യമങ്ങൾ എന്നിവ മുഖേന നൽകുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകിയ ഇത്തരം ജാഗ്രതാ നിർദ്ദേശങ്ങൾക്ക് വലിയ പ്രതികരണമാണ് ജനങ്ങളിൽ നിന്നും ഉണ്ടായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ്തല മോണിറ്ററിംഗ്കമ്മിറ്റികൾ രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റികൾ മുഖേന നോട്ടീസുകളിലൂടെയും ലഘുലേഖകളിലൂടെയും രോഗവ്യാപനം തടയുന്നതിന് ആവശ്യമായിട്ടുള്ള മുൻകരുതലുകളും നടപടികളും സംബന്ധിച്ച് ജനങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും ഓരോ വാർഡിന്റെയും പ്രധാന വീഥികളോട് അനുബന്ധമായി ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു. ലോക്ക്ഡൌണിന്റെ പശ്ചാത്തലത്തിൽ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുകയും 1073 കമ്മ്യൂണിറ്റി കിച്ചനുകളിലൂടെ 31.08.2020-വരെ 48,19,812 ഭക്ഷണപ്പൊതി വിതരണം നടത്തുകയും ചെയ്തു. ഇതിൽ 42,51,005 |

ഭക്ഷണപ്പൊതികൾ സൗജന്യമായിട്ടാണ് വിതരണം നടത്തിയത്. ഇതിനു പുറമേ ലോക്ക്ഡൗൺ കാലത്ത് പാചകം ചെയ്ത ഭക്ഷണം ആവശ്യമുള്ള എല്ലാവർക്കും 25/- രൂപ നിരക്കിൽ ജനകീയഹോട്ടൽ വഴി ഭക്ഷണം വിതരണം ചെയ്തിട്ടുണ്ട്. 941 ഗ്രാമപഞ്ചായത്തുകളിലും ഐസോലേഷനിൽ കഴിയുന്നവരെ സഹായിക്കുന്നതിനായി സന്നദ്ധ വോളന്റിയർമാർ, ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ ആരോഗ്യ വോളന്റിയർമാർ എന്നിവരടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് തീവ്രവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാഗ്രാമപഞ്ചായത്തുകളിലും കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡുകൾ ആരംഭിച്ചു. കോവിഡിന്റെ രണ്ടാം തരംഗത്തിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ പുന:സംഘടിപ്പിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേക ഭരണ സമിതി യോഗങ്ങൾ വിളിച്ച് കൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. രോഗലക്ഷണമില്ലാത്ത കോവിഡ് രോഗികൾക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡൊമിസിലിയറി കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി. രോഗവ്യാപനം കൂടുതലുള്ള ഗ്രാമപഞ്ചായത്തുകളിൽ RTPCR ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി വാർഡുകളെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കോവിഡ് രോഗബാധിതരേയും കുടുംബാംഗങ്ങളേയും കൃത്യമായ വിവരങ്ങൾ നൽകി സഹായിക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം സജ്ജമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ കോർ ടീമുകളും കോവിഡ് വാർ/കൺട്രോൾ റൂമുകൾ രൂപീകരിച്ചു.

| | | | |
|---|---|---|---|
| | | | ഹരിത കർമ്മസേന ഉൾപ്പെടെയുള്ള മുന്നണി പോരാളികൾ, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്ക് വാക്സിനേഷൻ രജിസ്ട്രേഷന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജനകീയ ഹോട്ടലുകൾ/കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും, 872 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകളും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി കിച്ചനുകളും ആരംഭിക്കുകയും ചെയ്തു. |
| (ബി) | ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | ഗ്രാമപഞ്ചായത്തുകൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ആകെ 67,69,906,21 രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ